(ബി)	ടാർജറ്റ്	കൈവരിച്ചത്
	ബി.പി.എൽ. കണക്ഷനുകൾ 15,000	43,179
	മറ്റു കണക്ഷനുകൾ 1,50,000	1,93,219

(സി). ആവശ്യമായ മെറ്റീരിയൽസ് വാങ്ങാൻ അതാത് ചീഫ് എഞ്ചിനീയർ മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) 3,56,070 അപേക്ഷകൾ. ഇവ 31-12-2005-നകം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) പ്രത്യേക ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ ചില കേസുകളിൽ മുൻഗണന അനുവദിച്ചിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ്

11 [329] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ ഏതെല്ലാം വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വികലാംഗരായ അപേക്ഷകർക്ക് വൈദ്യുതി കണക്ഷന് മുൻഗണന നൽകിയിട്ടുണ്ടോ; പ്രസ്തുത ആനുകൂല്യം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) മുൻഗണന നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം റദ്ദാക്കിയിട്ടില്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 11 (329)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

എ. താഴെ പറയുന്ന വിഭാഗങ്ങൾക്ക് ബോർഡ് മുൻഗണനാ ക്രമത്തിൽ കണക്ഷൻ നൽകുന്നു.

I. കാർഷിക കണക്ഷനുകൾ:

(i) എല്ലാ കാർഷിക കണക്ഷനുകളും.

(ii) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള കാർഷിക കണക്ഷനുകൾക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയാൽ മറ്റു കാർഷിക കണക്ഷനുകളെ അപേക്ഷിച്ച് പ്രത്യേക മുൻഗണന നൽകും.

II. വ്യാവസായിക കണക്ഷനുകൾ:

(i) സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകൾ.

(ii) പി. എം. ആർ. വൈ. പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകൾ.

(iii) സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് പദ്ധതി, ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ഖാദി ഗ്രാമ വ്യവസായ ബോർഡ് ഇവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലോ ടെൻഷൻ കണക്ഷനുകൾ.

(iv) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള വ്യാവസായിക കണക്ഷനുകൾ.

(v) ഇൻറഗ്രേറ്റഡ് കയർ ഡവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേറ്റീവ് സെക്ടറിൽ ആരംഭിക്കുന്ന യന്ത്രവൽകൃത കയർ സ്പിന്നിംഗ് യൂണിറ്റുകളും, ഡിഫൈബറിംഗ് യൂണിറ്റുകളും.

III. ഗാർഹികം:

(i) വൈദ്യുതി ബോർഡ് ജീവനക്കാരും, ബോർഡിൽ നിന്നും പെൻഷൻ പറ്റിയവരും. പാർട്ട്ടൈം കൺഡിജന്റ് സ്വീപ്പർ.

(ii) കര. നാവിക, വ്യോമസേന, സി. ആർ. പി. എഫ്., ബി.എസ്.എഫ്., ജി.ആർ.ഇ.എഫ്., ഐ.ടി.ബി., എസ്.പി.ജി., ആസാം റൈഫിൾസ് എന്നിവയിൽ സേവനമനുഷ്ഠിക്കുന്ന ജവാൻമാർ.

(iii) പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം അപേക്ഷകർ.

(iv) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്ന മറ്റു സമുദായാംഗങ്ങൾ (ഇങ്ങനെ കൊടുക്കുന്ന കണക്ഷനുകളുടെ എണ്ണം കോളനിയിലെ മൊത്തം പട്ടികജാതി പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ എണ്ണത്തിന്റെ മൂന്നിലൊന്നായി പരിമിതപ്പെടുത്തിയിട്ടുണ്ട്).

(v) സ്വാതന്ത്ര്യസമരസേനാനികൾ, അവരുടെ വിധവകൾ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

(vi) യുദ്ധത്തിൽ പങ്കെടുത്ത് അവശതയനുഭവിയ്ക്കുന്ന ജവാൻമാർ.

(vii) പ്രകൃതിക്ഷോഭം മൂലവും മറ്റും അംഗവൈകല്യം സംഭവിച്ചവർ.

(viii) വികലാംഗരും, മാനസിക വളർച്ച മുരടിച്ചവരും (വെതർപ്രൂഫ് കണക്ഷനും 31-12-2002 വരെയുള്ള പോസ്റ്റ് ആവശ്യമുള്ള കണക്ഷനും).

(ix) കലാ കായിക രംഗങ്ങൾ, സാഹിത്യം, ശാസ്ത്രം, സാമൂഹിക സേവനം, ആതുരസേവനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ.

(x) പദ്ധതി പ്രദേശങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർ.

(xi) യുദ്ധ മുന്നണിയിൽ വീരചരമമടഞ്ഞ ജവാൻമാരുടെ വിധവകൾ.

(xii) എം. എൽ. എ.-മാരും എം. പി.-മാരും.

(xiii) പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ വീടുകൾ.

(xiv) സർവ്വീസിൽനിന്നും വിരമിച്ച ജവാൻമാർ (വെതർപ്രൂഫ് കണക്ഷൻ മാത്രം).

(xv) കാൻസർ രോഗികൾക്ക്.

(xvi) കാർഗിൽ യുദ്ധത്തിൽ മരിച്ച ജവാൻമാരുടെ വിധവകൾക്ക് (വെതർ പ്രൂഫ് മാത്രം).

(xvii) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ എൻ. ഇ. എസ്സ്. ബ്ലോക്കുകളോ വയറിംഗ് നടത്തിക്കൊടുക്കുന്ന വീടുകൾ.

(xviii) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് വയറിംഗ് നടത്തിക്കൊടുക്കുന്ന വിഭാഗങ്ങളുടെ വീടുകൾ.

IV. ഗാർഹികേതരം:

(i) ആരാധനാലയങ്ങൾ, (അമ്പലങ്ങൾ, മുസ്ലീംപള്ളികൾ, ക്രിസ്ത്യൻ പള്ളികൾ) (വെതർ പ്രൂഫ് കണക്ഷൻമാത്രം).

(ii) സംസ്ഥാന സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങളും, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ ഹോമുകൾ (വെതർ പ്രൂഫ് കണക്ഷൻ മാത്രം).

(iii) ഇന്ത്യ പോപ്പുലേഷൻ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന ആശുപത്രികളും, ഡിസ്പെൻസറികളും.

(iv) ഡിസ്ട്രിക്ട് കളക്ടർ സാക്ഷ്യപ്പെടുത്തുന്ന സാക്ഷരതാ കേന്ദ്രങ്ങൾ (വെതർ പ്രൂഫ്മാത്രം).

(v) വികലാംഗർ നടത്തുന്ന ടെലിഫോൺ ബൂത്തുകൾ (വെതർ പ്രൂഫ് മാത്രം).

(vi) അംഗൻവാടികൾ (വെതർ പ്രൂഫ് മാത്രം).

(vii) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള വാട്ടർ സപ്ലൈ കണക്ഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly